(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾ അമ്പലപ്പുഴ മണ്ഡലത്തിൽ മുടങ്ങിക്കിടപ്പുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽനിന്നും പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെങ്കിലും റോഡുകളുടെ പ്രൊപ്പോസലുകൾ നിലവിലുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) പി.എം.ജി.എസ്.വൈ.-II ന്റെ ഒന്നാം വർഷ പദ്ധതിയിലേയ്ക്ക് ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.) അംഗീകരിച്ച ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (ഡി.ആർ.ആർ.പി.) ലിസ്റ്റിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ 3 റോഡുകൾ (1 റെയിൽവേ-ഗ്രൗമന്ദിരം, 2. ചക്കിട്ടപ്പറമ്പ്-കുണ്ണനാംകു, 3. പ്രാമൂട്ടിൽ ജംഗ്ഷൻ-കായിപ്പള്ളി ക്ഷേത്രം) ഉൾപ്പെട്ടിട്ടുണ്ട്. ഈ റോഡുകൾക്ക് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള വീതി, ഉപരിതല അവസ്ഥ, ഉപയോഗ്യത ഉണ്ടെങ്കിൽ മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി റോഡിന് പ്രൊപ്പോസൽ നൽകാനാവൂ.

(ഡി) കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി (എൻ.ആർ.ആർ.ഡി.എ.) നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ കോപ്പി അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

മലയോര വികസന ഏജൻസി

12 (1380) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസി (HADA) എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടനാരൂപം എന്നിവ വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലയോര വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് പ്രസ്തുത ഏജൻസിക്ക് അധികാരമുള്ളത് ; ഇതിനുള്ള ഫണ്ട് എങ്ങനെയാണ് ലഭ്യമാക്കുന്നത് ; പദ്ധതികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ നൽകുന്നത് ആരാണ് ; പ്രവൃത്തികൾ നടപ്പാക്കുന്നത് എങ്ങനെ ; ആർക്കാണ് ഇവയുടെ നിർവ്വഹണ ചുമതലയുള്ളത് ;

(സി) രൂപീകരിച്ച വർഷം മുതൽ ഓരോ സാമ്പത്തികവർഷവും എത്ര തുക വീതമാണ് ഏജൻസിക്ക് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത തുക ഏതൊക്കെ പദ്ധതികൾക്കായാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) പത്തനംതിട്ട ജില്ലയിൽ 2014-15 വർഷത്തിൽ നടപ്പാക്കാനായി അംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് പേരും തുകയും സഹിതം വ്യക്തമാക്കാമോ ;

(ഇ) നടപ്പു സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ ആയിട്ടുണ്ടോ ; ആരാണ് പദ്ധതികൾ സമർപ്പിക്കേണ്ടത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രറാക്കൽ നിയമം അനുസരിച്ച് 2012 മെയ് മാസം 28-ാം തീയതി മലയോര വികസന ഏജൻസി രജിസ്റ്റർ ചെയ്തു. മലയോര വികസന ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടനാരൂപം എന്നിവ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, പഴം പച്ചക്കറി വികസന പദ്ധതി, മലയോര റോഡുകളുടെ പുനരുദ്ധാരണം, സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി, പൊതു കുളങ്ങളുടെ നവീകരണം, കാർഷിക വികസനം, പരിസ്ഥിതി പരിപാലന പദ്ധതികൾ, നബാർഡ് അധിഷ്ഠിത ആർ.ഐ.ഡി.എഫ് പദ്ധതികൾ എന്നീ വികസന പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം നടപ്പിലാക്കാനാണ് മലയോര വികസന ഏജൻസിക്ക് നിലവിൽ അധികാരമുള്ളത്. ഏജൻസിയുടെ പ്രവർത്തനങ്ങൾ ക്കാവശ്യമായ പണം സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് ലഭ്യമാകുന്നത്. ചില പ്രത്യേക പ്രോജക്ടുകൾക്ക് കേന്ദ്ര സഹായം ലഭിച്ചുവരുന്നു. പദ്ധതികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ഭരണാനുമതി പ്രകാരം മലയോര വികസന ഏജൻസിയാണ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത്. പ്രവൃത്തികളുടെ സാങ്കേതികാനുമതി

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾ അനുവദിച്ച ബ്ലോക്കുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് നൽകുന്നത്. പ്രവൃത്തികൾ ഗ്രാമഭോക്തൃ കമ്മിറ്റികൾ മുഖേനയും 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള നബാർഡ് ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ ടെണ്ടർ മുഖേനയുമാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കാണ്.

(സി) മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം ഓരോ വർഷവും മലയോര വികസന പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം, സീതത്തോട് എന്നീ പഞ്ചായത്തുകൾ മാത്രമേ മലയോര വികസന ഏജൻസിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നുള്ളൂ.

പദ്ധതികളുടെ പേരും അനുവദിച്ച തുകയും ഇപ്പോഴത്തെ അവസ്ഥയും താഴെ കൊടുക്കുന്നു :

1. ഞാറയ്ക്കൽപടി - മാണിക്കോടിക്കൽ പടി റോഡ് (അരുവാപ്പുലം ഗ്രാമപഞ്ചായത്ത്) - 10.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

2. ഗുരുനാഥൻ മണ്ണ് - കുന്നം റോഡ് (സീതത്തോട് ഗ്രാമ പഞ്ചായത്ത്) - 10.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

3. സ്വാമിപ്പടി കോട്ടപ്പാറ റോഡ് (സീതത്തോട് ഗ്രാമ പഞ്ചായത്ത്)- 10.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

(ഇ) ഇല്ല. ജനപ്രതിനിധികൾ, ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ എന്നിവർ സമർപ്പിക്കുന്ന പദ്ധതികളിൽ നിന്നും നിയമാനുസൃതം യോജ്യമായ പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് തെരഞ്ഞെടുക്കുന്നു.

മലയോര വികസന ഏജൻസിവഴി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

13 (1381) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസി മുഖേന കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly